

FRIDAY 16/01/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/01/2026

1. നെല്ലിയാമ്പതി ഗവൺമെൻറ് ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ NATOURA' 26 എന്ന പേരിൽ ഒരു അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് 2026 ഫെബ്രുവരി 5 മുതൽ 9 വരെ ഗവൺമെന്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ നടത്തുന്നു. വിവിധ പ്രദർശന വിപണന സ്റ്റാളുകൾ, പുഷ്പ ഫല സസ്യ പ്രദർശനം, കാർഷിക സെമിനാറുകൾ, ക്വിസ് മൽസരങ്ങൾ, ഫുഡ് ഫെസ്റ്റ് കലാകായിക മത്സരങ്ങൾ എന്നീ പരിപാടികളോടെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

2. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 31/12/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER" (CAITT)വിവിധ വിഷയങ്ങളിൽ ഏകദിന പരിശീലനം നൽകുന്നു. ജനുവരി 22ന് (22.01.2026)ചക്കയിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ , 28 ന് എക്സോട്ടിക്ക് ഫ്രൂട്ട് ക്രോപ്പ്സിൻറെ കൃഷി രീതികൾ, 31ന് കുരുമുളക് കൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ caittvellayani@kau.in എന്ന വിലാസത്തിലേക്ക് ഇമെയിൽ

അയക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

4. വെള്ളാനിക്കരയിലെ കാർഷിക കോളേജിലെ കാർഷിക സ്ഥിതിവിവരക്കണക്ക് വകുപ്പുമായി സഹകരിച്ച് കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ ഇ-ലേണിംഗ് (സിഇഎൽ) 'അഡ്വാൻസ്ഡ് ഡാറ്റ അനാലിസിസ് യൂസിംഗ് ആർ' എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 ജനുവരി 19 മുതൽ 23 വരെ ഉച്ചയ്ക്ക് 2 മുതൽ 5 വരെയാണ് പരിപാടി. രജിസ്ട്രേഷനുള്ള അവസാന തീയതി 2026 ജനുവരി 16 ആണ്. പരിശീലന ഫീസ് 1000 /- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 8547837256, 9495943875 വെബ്സൈറ്റ് www.celkau.in ഈ മെയിൽ cel@kau.in

5. കേന്ദ്ര ഗവണ്മെന്റിന്റെ MSME മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നഴ്സറി ടെക്നിക്സ് എന്ന വിഷയത്തിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2026 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന ആറാഴ്ചത്തെ സൗജന്യ പരിശീലന പരിപാടി യിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പച്ചക്കറി- പഴവർഗ്ഗ- അലങ്കാര ചെടികളിലെ തൈ ഉല്പാദന രീതികൾ, ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്, രോഗ കീട നിയന്ത്രണം, ഗാർഡനിങ്ങിലെ നൂതന പ്രവണതകൾ, ഉദ്യാന ചെടികളിലെ മൂല്യവർദ്ധനവ് എന്നിങ്ങനെ ചെടികളുടെ തൈ ഉല്പാദനവും വിപണനവും ആയി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. 30 പേർക്കാണ് അവസരം. സ്ത്രീകൾക്കും തിരുവനന്തപുരം ജില്ലയിൽ ഉള്ളവർക്കും മുൻഗണന ലഭിക്കുന്നതായിരിക്കും. താല്പര്യമുള്ളവർ 7994273491 എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം